# കുപ്രസിദ്ധ ഗുണ്ട പ്രാവ് വിനോദ് ഗുണ്ടാ നിയമ പ്രകാരം അറസ്റ്റിൽ.

നിരവധി ക്രിമിനൽ കേസ്സുകളിൽ പ്രതിയായ കരകുളം വില്ലേജിൽ കൂട്ടപ്പാറ തോപ്പിൽ ആറ്റരികത്ത് പുത്തൻ വീട്ടിൽ തങ്കപ്പൻ മകൻ പ്രാവ് വിനോദ് എന്നറിയപ്പെടുന്ന വിനോദിനെ കേരളാ സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾ (തടയൽ) നിയമ പ്രകാരം അറസ്റ്റു ചെയ്തു. ഇയാൾ നെടുമങ്ങാട്, അരുവിക്കര തുടങ്ങിയ പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ വരുന്ന കാച്ചാണി, ഏണിക്കര, തറട്ട, ഇരുമ്പ, കളത്തുകാൽ തുടങ്ങിയ പ്രദേശങ്ങളിൽ സജീവമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടുവന്നിരുന്നയാളാണ്. നിലവിൽ ഇയാളുടെ പേരിൽ 15 ഓളം ക്രിമിനൽ കേസ്സുകൾ നെടുമങ്ങാട്, അരുവിക്കര പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. 2010, 2014 വർഷങ്ങളിലായി രണ്ടു തവണ ഗുണ്ടാനിയമപ്രകാരം കരുതൽ തടങ്കലിൽ കഴിഞ്ഞുവന്നിട്ടുള്ള വിനോദ് തന്റെ രണ്ടാമത്തെ കരുതൽ തടങ്കലിൽ കഴിഞ്ഞു വരവേ തന്നെ തിരുവനന്തപുരം സെൻട്രൽ ജയിലിൽ വച്ച് ഗൂഡാലോചന നടത്തി തന്റെ കൂട്ടാളികളെ ഉപയോഗിച്ച് കുറ്റകൃത്യങ്ങളിൽ തുടർന്നും ഏർപ്പെട്ട് നെടുമങ്ങാട്, അരുവിക്കര പ്രദേശങ്ങളിൽ തന്റെ ക്രിമിനൽ അധീശത്വം അരക്കിട്ടുറപ്പിക്കുന്നതിനു വേണ്ടി അരുവിക്കര കടമ്പനാട് പുന്നവിള വീട്ടിൽ തുളസീധരൻ നായർ ഓടിച്ചുവന്ന ലോറിയെ തടഞ്ഞു നിർത്തി ഇരുമ്പ് ലിവർ, ക്രിക്കറ്റ് സ്റ്റംബ് എന്നിവ കൊണ്ട് ടി ലോറിയെ അടിച്ചു തകർത്തതിലേയ്ക്കും, ലോറിയിൽ നിന്നും ഇറങ്ങി ഓടിയ തുളസീധരൻ നായരെ പിടിച്ചു നിർത്തി ഇരുമ്പ് ലിവർ കൊണ്ട് തലയ്ക്കടിച്ച് പരിക്കേല്പിച്ചതിലേയ്ക്കും കഴുത്തിൽ കിടന്ന സ്വർണ്ണമാലയെ വലിച്ചുപൊട്ടിച്ചെടുത്തതിലേയ്ക്കുമായി രജിസ്റ്റർ ചെയ്ത കേസ്സിലേയ്ക്കും, ട്രാവൻകൂർ ബ്ലൂമെറ്റൽസ് ക്രഷർ കമ്പനിയിലെ ജീവനക്കാരെ മാരകായുധങ്ങൾ കാട്ടി ഭയപ്പെടുത്തി ലോറികൾ അടിച്ചുതകർത്ത കേസ്സിലും, കമ്പനി മാനേജരുടെ വീട്ടിൽ അതിക്രമിച്ചുകയറി ഭീഷണിപ്പെടുത്തി പണം അപഹരിച്ച കേസ്സിലും, അരുവിക്കര കടവു പാലത്തിൽ വച്ച് വിജയകുമാർ എന്നയാൾ ഓടിച്ചുവന്ന ടിപ്പർ ലോറി തടഞ്ഞു നിർത്തി 8000 രൂപ പിടിച്ചുപറിച്ച ശേഷം തുടർന്ന് ആറോളം ലോറികൾ അടിച്ചുതകർത്ത് ഭീകരാന്തരീക്ഷം സൃഷ്ടിച്ച കേസ്സിലും, പ്രതാപൻ എന്നയാളിനെ തടഞ്ഞു നിർത്തി കാർ അടിച്ചു തകർത്ത് വീട്ടിൽ അതിക്രമിച്ചു കയറി വളർത്തുനായയെ വെട്ടിപ്പരുക്കേല്പിച്ച കേസ്സിലും പ്രധാന പ്രതിയായതിനെത്തുടർന്ന് വിനോദ് തുടർന്നും ഏർപ്പെടുവാൻ സാദ്ധ്യതയുള്ള ഗുരുതരമായ കുറ്റകൃത്യങ്ങളിൽ നിന്നും വിനോദിനെ അടിയന്തിരമായി തടയുന്നതിലേയ്ക്കായി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി ഷെഫീൻ അഹമ്മദ് കെ. ഐ പി എസ് കൊടുത്ത റിപ്പോർട്ടനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ വിനോദിനെതിരേയുള്ള മൂന്നാമത്തെ കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുകയുമായിരുന്നു. ഒളിവിൽ കഴിഞ്ഞു വരുകയായിരുന്ന പ്രാവ് വിനോദിനെ 24.07.2015 ന് നെയ്യാറ്റിൻകരയ്ക്കടുത്തുള്ള ചായ്ക്കോട്ടുകോണത്തുനിന്നും തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ നെടുമങ്ങാട് DySP സെയ്ബുദീൻ, തിരുവനന്തപുരം റൂറൽ DCRB DySP സുൽഫിക്കർ എന്നിവരും തിരുവനന്തപുരം റൂറൽ ഷാഡോ പോലീസ് ടീമംഗങ്ങളും ചേർന്നാണ് അറസ്റ്റ് ചെയ്തത്.

25.07.15